# പതിമൂന്നാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3226 24/02/2016-ൽ മറുപടിയ്ക്ക്**

**ഭൂമി -ഭവനരഹിത രായ മത്സ്യത്തൊഴിലാളികൾക്കുള്ള ഫ്ളാറ്റ്**

| ചോദ്യം<br>ശ്രീ. വി. ഡി. സതീശൻ:<br>ശ്രീ. എം. എ. വാഹീദ്:<br>ശ്രീ. പി. സി. വിഷ്ണുനാഥ്:<br>ശ്രീ. ബെന്നി ബെഹനാൻ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| എ) ഭൂമി-ഭവന രഹിതരായ മത്സ്യത്തൊഴി ലാളികൾക്ക് ഫ്ളാറ്റ് നിർമ്മാണത്തിന് കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; | എ) ഭൂരഹിതരും ഭവനരഹിതരുമായ തെരഞ്ഞെടുക്കപ്പെടുന്ന 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതിയ്ക്ക് 2014-15 സാമ്പത്തിക വർഷം 48.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് | ബി) ഭൂരഹിത/ ഭവന രഹിതരായ 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അവരുടെ ആവാസവ്യവസ്ഥയെ പ്രതികൂലമായി ബാധിക്കാത്ത തരത്തിലും ഭൂമിയുടെ ലഭ്യത കുറവ് പരിഗണിച്ചും ഫ്ളാറ്റ് പോലുള്ള സുരക്ഷിത പാർപ്പിടം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. |
| സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചി ട്ടുണ്ട്? | സി) ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനപദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം വലിയതുറയിൽ തിരുവനന്തപുരം നഗരസഭ വിട്ടു നൽകിയ 42.45 സെന്റ് സ്ഥലത്ത് 32 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടിയുള്ള ഫ്ളാറ്റ് നിർമ്മാണം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ആരംഭിക്കുകയും ഇതിൽ എട്ടു ഫ്ളാറ്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണം പൂർത്തിയായ എട്ടു ഫ്ളാറ്റുകളിലേയക്കുള്ള ഗുണഭോക്താക്കളെ ജില്ലാതല |

മാനേജ്മെന്റ് കമ്മിറ്റി നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുകയും ടിയാളുകൾക്ക് ഫ്ളാറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ ഫ്ളാറ്റ് നിർമ്മിക്കുന്നതിനു വേണ്ട സ്ഥലം കണ്ടെത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ആഫീസർ**